പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>**തൊഴിലുറപ്പ് പദ്ധതി**</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 433 | 21.7.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.അജിത് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി വികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ സ്ഥിതി തുടർന്നാൽ പദ്ധതി ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് പുനർ വിചിന്തനം വേണ്ടി വരുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം പരിശോധിച്ച് കൂടുതൽ ഉല്പാദനപരമായ ആസ്തികൾ ഇനിയും സൃഷ്ടിക്കേണ്ടതുണ്ടെന്ന് സംസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. പദ്ധതി ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് മറ്റ് മുന്നറിയിപ്പുകളൊന്നും കേന്ദ്രം അറിയിച്ചിട്ടില്ല. |
| (ബി) | തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഉം 2ഉം സമഗ്രമായി ഭേദഗതി ചെയ്ത് 03.01.2014- ൽ വിജ്ഞാപനം ചെയ്യുകയുണ്ടായി. ഇതിൽ, പുതുതായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, എന്നീ നാല് വിഭാഗത്തിൽപ്പെടുന്ന പണികൾ മാത്രമേ പ ദ്ധതിയിലേറ്റെടുക്കാൻ പാടുള്ളൂ.

2. പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പു ല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ നിരോധിച്ചിട്ടുണ്ട്.

3. ദുർബ്ബല ജനവിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷമേ ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ.

4. പൊതുസ്ഥലങ്ങളിലെ വനവത്കരണത്തിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ദുർബ്ബലജനവിഭാഗങ്ങൾക്ക് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

5. പദ്ധതിയിൽ ഒരു വർഷം ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ 60 ശതമാനവും (അടങ്കൽ തുക) കാർഷിക അനുബന്ധമേഖലയുമായി ബന്ധമുള്ളതാകണം.

6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2015-16 ലേയ്ക്കുള്ള ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിന് ഊർജ്ജിതപങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ (IPPE) ജനങ്ങളുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്തി അതിനനുസൃതമായ പ്രവൃത്തികൾ കണ്ടെത്തുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 22 ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്ര ക്രിയയിലൂടെ വാർഷിക കർമ്മപദ്ധതി ലേബർ ബഡ്ജറ്റ് രൂപീകരിച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

7. 25/08/2014 ലെ 11011/09/2014-RE-I പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ഒഴിവാക്കാതെയും എന്നാൽ ഗുണമേന്മയുള്ള ഈടുറ്റ ആസ്തികളുടെ നിർമ്മിതിയ്ക്ക് അനിവാര്യമായ യന്ത്രങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച വ്യക്തത കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്.

8. പദ്ധതി പ്രവൃത്തികളുടെ മേൽനോട്ടം കാര്യക്ഷമമാക്കുന്നതിനും, കൂലി വിതരണം സമയബന്ധിതമായി നൽകുന്നതിനും ബെയർഫൂട്ട് എഞ്ചിനീയർമാരെ നിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

9. പദ്ധതിയിലെ തൊഴിലാവശ്യകത കൃത്യതയോടുകൂടി തിട്ടപ്പെടുത്തുന്നതിനും അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനും തൊഴിലാളികളുടെ സംഘബലം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

10. തൊഴിലിടങ്ങളിലെ ഹാജർ വിവരങ്ങൾ അതത് ദിവസം തന്നെ പദ്ധതിയുടെ എം.ഐ.എസിൽ ഉൾപ്പെടുത്തുന്നതിനും നിലവിലെ കാലതാമസം പരിഹരിക്കുന്നതിനും മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം (എം.എം.എസ്) ഏർപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

11. തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളിലെ തൊഴിലാളികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്നതിന് കേന്ദ്രസർക്കാർ ഡി.ഡി.യു-ജി.കെ.വൈ പദ്ധതിയുടെ പങ്കാളിത്തത്തോടുകൂടി പുതിയ പദ്ധതിയായ ലൈഫ് പ്രോജക്ട് പ്രഖ്യാപിച്ചിട്ടുണ്ട്.